©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ജൂലൈ 24<br>24th July 2018<br>1193 കർക്കടകം 8<br>8th Karkadakam 1193<br>1940 ശ്രാവണം 2<br>2nd Sravana 1940 | നമ്പർ<br>No. 30 |

# PART III

# Police Department

### പുനർ ലേല പരസ്യം

നമ്പർ ഇ2-4756/2014/ക്യൂ. സി. 2018 ജൂൺ 29.

കൊല്ലം ജില്ലാ സായുധ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ടുമെന്റിന് ഉപയോഗമല്ലാത്തതുമായ താഴെ സൂചിപ്പിച്ചിട്ടുള്ള ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 2018 ജൂലൈ 28-ന് പകൽ 11 മണിക്ക് മേൽപ്പടി കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കപ്പെടുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | വർഷം | നിരതദ്രവ്യം |
|---|---|---|---|
| 1 | KL 01 X AQ 8167 Invader | 2007 | 10,000 |
| 2 | KL 01 M 4259, Jeep | 1998 | 9,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ആയത് ഡെപ്യൂട്ടി കമാണ്ടന്റ് കാര്യാലയത്തിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ "ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ" എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം എടുത്തയാൾ ഉടൻതന്നെ ലേലത്തുകയുടെ പകുതി സംഖ്യയും (നികുതി ഉൾപ്പെടെ) നിരതദ്രവ്യവും കഴിച്ച് ലേല സ്ഥലത്തു വച്ചു തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി ലേലത്തുക മുഴുവൻ അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതും ആയിരിക്കും. അതു മൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാകുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും. ലേലവസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കൊല്ലം ജില്ലാ സായുധസേനാ കമാണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

സിറ്റി പോലീസ്
ആഫീസ്, കൊല്ലം.
cpklm.pol@kerala.gov.in
Phone: 0474 2764422.

ഡോ. അരുൾ ആർ. ബി. കൃഷ്ണ
(ഐ. പി. എസ്.)
സിറ്റി പോലീസ് മേധാവി.

Gaz. No. 30/2018/DTP (Police).

കാരണം കാണിക്കൽ നോട്ടീസ്

നമ്പർ എച്ച്2/28/പി. ആർ./2016/കെ.
No. H2-16831/2016/K. 2018 ഫെബ്രുവരി 2.

വിഷയം :—അച്ചടക്ക നടപടി—ശ്രീ. എബ്രഹാം എൻ. ജോസ്, Dvr. PC 5714-ന് എതിരെയുള്ള വാച്യാന്വേഷണം തീർപ്പാക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ആഫീസ് എ5(a)/55945/2015 K നമ്പർ ഫയൽ.

(2) ഗവ. (സാധാ) ഉത്തരവ് നമ്പർ 1802/05/Home തീയതി 21-7-2005.

(3) ഗവ. (സാധാ) ഉത്തരവ് നമ്പർ 2999/2010/Home തീയതി 28-9-2010.

(4) 15-3-2016-ാം തീയതിയിലെ H2/16831/2016/K നമ്പർ ഉത്തരവ്.

(5) 4-4-2017 തീയതി 264/PR-2/16-H നമ്പരായി പോലീസ് സർക്കിൾ ഇൻസ്പെക്ടർ രാമപുരം സമർപ്പിച്ച പി. ആർ. മിനിട്സും അനുബന്ധ രേഖകളും.

ശ്രീ. എബ്രഹാം എൻ. ജോസ്, Dvr PCK 5714 കോട്ടയം എ. ആർ. ക്യാമ്പിൽ പ്രവർത്തിയെടുത്തുവരവെ, വിദേശത്ത് ജോലി നോക്കുന്നതിലേക്കായി സൂചന (2) ഗവൺമെന്റ് ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ച് നിങ്ങൾ 2-8-2005-ാം തീയതി മുതൽ അവധിയിൽ പ്രവേശിച്ചിട്ടുള്ളതും തുടർന്ന് നിങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന (3) ഉത്തരവ് പ്രകാരം 5 വർഷത്തേക്ക് കൂടി അവധി നീട്ടി അനുവദിച്ചിട്ടുള്ളതുമാണ്. മേപ്പടി ശൂന്യവേതനാവധികൾക്കുശേഷം 2-8-2015-ാം തീയതി നിങ്ങൾ ഡ്യൂട്ടിക്ക് തിരികെ ഹാജരാകാതെ ടി തീയതി മുതൽ നിങ്ങൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുകയാണെന്നും മറ്റും സൂചനാ ഫയലിലും അനുബന്ധരേഖകളിലും പരാമർശിച്ചിരിക്കുന്നു.

സൂചനാ ഫയൽ അനുബന്ധരേഖകൾക്കൊപ്പം പരിശോധിച്ചതിൽ അച്ചടക്കം പരമപ്രധാനമായ പോലീസ് സേനയിലെ ഉത്തരവാദിത്വപ്പെട്ട ഒരു പോലീസ് ഉദ്യോഗസ്ഥനായ നിങ്ങളുടെ മേപ്പടി പ്രവർത്തികൾ ഗുരുതരമായ അച്ചടക്ക ലംഘനവും മേലധികാരികളുടെ ഉത്തരവിനെ അവഗണിക്കലും ആണെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യം വന്ന സാഹചര്യത്തിൽ 1958-ലെ കേരളാ പോലീസ് വകുപ്പ് അന്വേഷണ വിചാരണയും ശിക്ഷയും അപ്പീലും സംബന്ധിച്ച നിയമത്തിലെ ആറാം ചട്ടപ്രകാരം നിങ്ങൾക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള മേൽപ്പടി ആരോപണങ്ങളെപ്പറ്റി വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാ നടപടിക്കുറിപ്പുകൾ സമർപ്പിക്കുന്നതിന് ടി നിയമത്തിലെ 8 (i) (iii) വകുപ്പനുസരിച്ച് രാമപുരം പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി സൂചന (4) പ്രകാരം ഉത്തരവായിരുന്നു. അന്വേഷണം പൂർത്തീകരിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ സൂചന (5) പ്രകാരം സമർപ്പിച്ച ശിക്ഷാ നടപടിക്കുറുപ്പ് ഞാൻ വിശദമായി പരിശോധിച്ചു. നിങ്ങൾക്കെതിരെയുള്ള ആരോപിതകുറ്റം തെളിവിൽ വരുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ നിഗമനത്തിലെത്തി ച്ചേർന്നിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ മേപ്പടി നിഗമനങ്ങളോട് ഞാൻ പൂർണ്ണമായും യോജിച്ചുകൊണ്ട് നിങ്ങൾ അവധിക്കാലാവധി കഴിഞ്ഞ് സർവ്വീസിൽ പുനപ്രവേശിക്കേണ്ടിയിരുന്ന 2-8-2015 തീയതി വച്ച് നിങ്ങളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from service) ഞാൻ താൽക്കാലികമായി തീരുമാനിക്കുന്നു. എന്റെ ടി തീരുമാനത്തിനെതിരെ സമാധാനം എന്തെങ്കിലും നിങ്ങൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ഈ ഓഫീസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കകം നിങ്ങളിൽ നിന്നും രേഖാമൂലമുള്ള സമാധാനം ലഭിക്കാത്തപക്ഷം മേപ്പടി തീരുമാനത്തിനെതിരെ യാതൊന്നും തന്നെ നിങ്ങൾക്ക് ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ആയത് സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതായിരിക്കും.

District Police Office, Kottayam.

V. M. Mohammed Rafique IPS,
*District Police Chief.*

---

ലേലപ്പരസ്യം

നമ്പർ ഇ2 (ബി)-11344/2017/ഇ.സി. 2018 ജൂൺ 28.

കൊച്ചി സിറ്റി ജില്ലാ സായുധസേനാ വിഭാഗം കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗയോഗ്യമല്ലാത്ത താഴെ സൂചിപ്പിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ 31-7-2018 തീയതി ചൊവ്വാഴ്ച പകൽ 11 മണിക്ക് മേൽ പറഞ്ഞ കാര്യാലയത്തിൽ വച്ച് ദർഘാസ്/ പരസ്യലേലം വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | വാഹന ഇനം | നിരതദ്രവ്യം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL 01-X-9576 | 2002 | Motor Cycle | 125 |
| 2 | KL 01-X-9573 | 2002 | Motor Cycle | 125 |
| 3 | KL 01-X-9572 | 2002 | Motor Cycle | 125 |
| 4 | KL 01-X-9569 | 2002 | Motor Cycle | 112.5 |
| 5 | KL 01-X-9568 | 2002 | Motor Cycle | 125 |
| 6 | KL 01-X-9567 | 2002 | Motor Cycle | 125 |
| 7 | KL 01-X-9578 | 2002 | Motor Cycle | 112.5 |
| 8 | KL 01-X-9586 | 2002 | Motor Cycle | 150 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | KL 01-AT-716 | 2008 | Sumo | 3,000 |
| 10 | KL 01-AQ-9757 | 2007 | Invader | 2,250 |
| 11 | KL 01-AS-6175 | 2008 | Invader | 2,500 |
| 12 | KL 01-AQ-7114 | 2007 | Invader | 2,250 |
| 13 | KL 01-AN-3556 | 2006 | Sumo | 2,250 |
| 14 | KL 01-AS-1427 | 2007 | Invader | 2,250 |
| 15 | KL 01-AV-149 | 2009 | Invader | 2,500 |
| 16 | KL 01-X-9584 | 2002 | Motor Cycle | 125 |
| 17 | KL 01-X-9346 | 2002 | Lorry | 1500 |
| 18 | KL 01-X-9228 | 2002 | Omni | 400 |
| 19 | KL 01-AD-5181 | 2004 | Sumo | 1,250 |
| 20 | KL 01-AE-695 | 2004 | Indigo | 1,250 |
| 21 | KL 01-X-9100 | 2002 | Ambasidor Car | 600 |
| 22 | KL 01-AU-5340 | 2005 | Sumo | 1,500 |
| 23 | KL 01-AN-3573 | 2006 | Sumo | 1,750 |
| 24 | KL 01-AA-9423 | 2003 | Ambasidor Car | 650 |
| 25 | KL 01-X-9144 | 2002 | Ambasidor Car | 600 |
| 26 | KL 7-AU-9588 | 2001 | Motor Cycle | 125 |
| 27 | KL 01-X-9706 | 2002 | Motor Cycle | 125 |
| 28 | KL 01-AH-5481 | 2005 | Motor Cycle | 75 |
| 29 | KL 01-AH-5618 | 2005 | Motor Cycle | 100 |
| 30 | KL 01-AH-5042 | 2005 | Motor Cycle | 100 |
| 31 | KL 01-AH-5041 | 2005 | Motor Cycle | 100 |
| 32 | KL-01-AD-5169 | 2004 | Sumo | 2,500 |
| 33 | KL 01-S-8137 | 2008 | Bolero | 2,500 |
| 34 | KL 01-X-9413 | 2002 | Tata Sumo | 2,500 |
| 35 | KL 01-AD-5267 | 2004 | Jeep | 4,000 |
| 36 | KL 01-AD-5199 | 2004 | Jeep | 4,000 |
| 37 | KL 01-AS-8189 | 2008 | Bolero | 4,500 |
| 38 | KL 01-AG-5327 | 2004 | Sumo | 3,000 |
| 39 | KL 01-AG-5583 | 2004 | Sumo | 3,000 |
| 40 | KL 01-AG-5285 | 2005 | Sumo | 3,000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 41 | KL 01-AG-8255 | 2005 | Bullet | 3,750 |
| 42 | KL 01-AD-1016 | 2004 | Bullet | 3,750 |
| 43 | KL 01-AG-8256 | 2005 | Bullet | 3,750 |
| 44 | KL 01-AD-1138 | 2004 | Bullet | 3,750 |
| 45 | KL 01-AH-5614 | 2005 | Bajaj CT 100 | 150 |
| 46 | KL 01-AH-2383 | 2005 | Bajaj CT 100 | 150 |
| 47 | KL 01-AH-2382 | 2005 | Bajaj CT 100 | 225 |
| 48 | KL 01-AH-2388 | 2005 | Bajaj CT 100 | 125 |
| 49 | KL 01-AH-2396 | 2005 | Bajaj CT 100 | 150 |
| 50 | KL 01-AH-5620 | 2005 | Bajaj CT 100 | 250 |
| 51 | KL 07-AG-9587 | 2005 | Hero Honda CD 100 | 150 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേക്ക് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. കവറിനു പുറത്ത് "ഡിപ്പാർട്ട്മെന്റ് വാഹന ലേലത്തിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി രേഖപ്പെടുത്തി കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിക്ക് 28-7-2018-ാം തീയതിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. ദർഘാസിനോടൊപ്പം നിരതദ്രവ്യം അടച്ച രസീതുമുണ്ടായിരിക്കണം. ഓരോ വാഹനത്തിനും പ്രത്യേകം കവറുകൾ അയയ്ക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുമ്പിൽ വച്ച് ദർഘാസുകൾ തുറക്കുന്നതും ലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേല സംഖ്യയുടെ പകുതിയും മൊത്തം തുകയുടെ വിൽപ്പന നികുതിയും അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാൽ ഉടൻ ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചിലവിൽ കൊച്ചി സിറ്റി ജില്ലാ സായുധസേനാ വിഭാഗം കാര്യാലയത്തിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിനെന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിന് മുമ്പുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണിവരെയുള്ള സമയത്ത് എറണാകുളം സായുധസേനാ ക്യാമ്പിൽ കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം മാറ്റിവെയ്ക്കാനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

City Police Office, Kochi.
Cpekm.Pol@kerala.gov.in
Phone-0484 385000.

DINESH, M. P., IPS,
*District Police Chief.*

## ലേല പരസ്യം

നമ്പർ ഇ2-5430/2018/കെ. എ. പി.-IV. 2018 ജൂലൈ 4.

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പ് കെ. എ. പി. നാലാം ബറ്റാലിയൻ അധീനതയിലുള്ളതും കാലഹരണപ്പെട്ടതുമായ താഴെ പറയുന്ന ഡിപ്പാർട്ട്മെന്റ് വാഹനം 2018 ആഗസ്റ്റ് മാസം 3-ാം തീയതി രാവിലെ 12 മണിക്ക് കെ. എ. പി. നാലാം ബറ്റാലിയൻ ആസ്ഥാനത്തുവച്ച് പരസ്യമായി ലേലം ചെയ്തു വിൽപ്പന നടത്തുന്നതാണ്.

| രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | ഡീസൽ/ പെട്രോൾ | നിരതദ്രവ്യം |
|---|---|---|---|---|
| KL10 G 1865 Jeep | Mahindra Jeep | 1998 | Diesel | 8,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തിന് ഒരു മണിക്കൂർ മുമ്പായി ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും മുകളിൽ വാഹനത്തിന്റെ രജിസ്റ്റർ നമ്പരിന് നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

കൂടാതെ ടി ലേലത്തിൽ സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നൽകാൻ താൽപ്പര്യമുള്ളവർ മുദ്രവെച്ച കവറിൽ നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിലുള്ള തുക ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കമാണ്ടന്റ്, കെ. എ. പി. നാലാം ബറ്റാലിയന്റെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം, കമാണ്ടന്റ്, കെ. എ. പി. നാലാം ബറ്റാലിയൻ, മാങ്ങാട്ടുപറമ്പ്, കണ്ണൂർ-670 567 എന്ന വിലാസത്തിൽ 2018 ആഗസ്റ്റ് 1-ാം തീയതി വൈകുന്നേരം 5 മണിക്കുമുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. കവറിന്റെ പുറത്ത് "വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ കൂടുതൽ തുകയുള്ളത് ആ തുകയ്ക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ലേലം കൊണ്ടയാൾ ഉടൻതന്നെ ലേല സംഖ്യയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച്) ലേല സ്ഥലത്തുതന്നെ അടയ്ക്കേണ്ടതുമാണ്. ബാക്കി തുകയും നിയമാനുസൃത വിൽപ്പന നികുതിയും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് നൽകി 10 ദിവസത്തിനുള്ളിൽ ബറ്റാലിയൻ ഓഫീസിൽ അടച്ച് സ്വന്തം ചെലവിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരമുള്ള പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് മുൻലേലക്കാരൻ ഉത്തരവാദിയാകുന്നതും പ്രസ്തുത നഷ്ടം ടിയാനിൽനിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാൻ അർഹനായിരിക്കുന്നതുമല്ല.

ടി വാഹനങ്ങൾ, ലേലത്തിനുമുമ്പുള്ള എല്ലാ പ്രവർത്തി ദിവസങ്ങളിലും അസിസ്റ്റന്റ് കമാണ്ടന്റ് (ക്യു.എം.)-ന്റെ അനുമതിയോടെ രാവിലെ 10 മണിമുതൽ 5 മണിവരെ പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം/ദർഘാസ് മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം പൂർണ്ണമായും കെ. എ. പി. നാലാം ബറ്റാലിയൻ കമാണ്ടന്റിൽ നിക്ഷിപ്തമാണ്.

കേരള ആംഡ് പോലീസ്
ബറ്റാലിയൻ-IV,
കണ്ണൂർ.
Cmdtkap4.pol@ kerala.gov.in
Phone-0497 2781316

കോറി സഞ്ജയ് കുമാർ ഗുരുഡിൻ,
ഐ. പി. എസ്.
കമാണ്ടന്റ്.

Gaz. No. 30/2018/DTP (Police).